പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

# ഐ.എ.വൈ. (ഇന്ദിര ആവാസ് യോജന) പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1478 — 04.12.2015 ൽ മറുപടിക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജി.സുധാകരൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) | ഐ.എ.വൈ. പദ്ധതി പ്രകാരം അമ്പലപ്പുഴ ബ്ലോക്കിൽ എത്ര ഗുണഭോക്താകൾക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വീടുകൾ അനുവദിച്ചിട്ടുള്ളത്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അമ്പലപ്പുഴ ബ്ലോക്കിൽ നിന്നും ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം അനുവദിച്ച് നൽകിയിട്ടുള്ള വീടുകളുടെ എണ്ണം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. |

| വർഷം | അനുവദിച്ച വീടുകളുടെ എണ്ണം |
|---|---|
| 2011-12 | 559 |
| 2012-13 | 222 |
| 2013-14 | 138 |
| 2014-15 | 184 |
| 2015-16 (30.11.2015 വരെ) | 190 |
| ആകെ | 1293 |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (ബി) | ധനസഹായം അനുവദിച്ചവർക്ക് വിതരണം ചെയ്യാനുള്ള തുകയിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; | (ബി) & (സി) | ഇന്ദിര ആവാസ് യോജനയുടെ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതുമൂലമുണ്ടായ അധിക ബാദ്ധ്യതയിൽ 2012-13 വർഷത്തിൽ 75,000/- രൂപ വീതവും, 2013-14 വർഷം മുതൽ 50,000/- രൂപ വീതവും സംസ്ഥാന സർക്കാർ അധിക ധനസഹായമായി നൽകുന്നുണ്ട്. ഇങ്ങനെ അധിക ധനസഹായമായി നൽകേണ്ട തുകയിലുള്ള കുടിശ്ശിക തീർക്കുന്നതിനായി 500 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിക്കുകയും 300 കോടി രൂപ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തുവരുന്നു. ബാക്കിയുള്ള 200 കോടി രൂപ ഡിസംബർ, ജനുവരി മാസങ്ങളിലായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ധനസഹായം യഥാസമയം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചുമതല ഏത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനാണ്; പദ്ധതി നടപ്പാക്കിയ വകയിൽ പ്രസ്തുത തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് സർക്കാർ വിഹിതം നൽകാറുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ഡി) | ഇന്ദിര ആവാസ് യോജന ബ്ലോക്ക് പഞ്ചായത്തുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയുടെ വിഹിതത്തിലേയ്ക്കായി സർക്കാർ വിഹിതം നൽകാറുണ്ട്. സർക്കാർ വിഹിതത്തിന് അധികമായുള്ള തുക ത്രിതല പഞ്ചായത്തുകൾ വകയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ആവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തുന്നുണ്ട്. സംസ്ഥാന സർക്കാർ അധിക ധനസഹായമായി ഗുണഭോക്താവൊന്നിന് 2012-13 വർഷം 75,000/- രൂപയും 2013-14 മുതൽ 50,000/- രൂപയും പ്രകാരം നൽകുന്നുണ്ട്. |
| (ഇ) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസഹായത്തിനായി ഹഡ്കോയെ സമീപിച്ചിരുന്നോ; എങ്കിൽ ധനസഹായം ലഭ്യമായോ; എത്ര തുകയുടെ ധനസഹായമാണ് ഹഡ്കോയോട് ആവശ്യപ്പെട്ടിട്ടുള്ളത്; പ്രസ്തുത ധനസഹായത്തിന് ഹഡ്കോ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ഇ) | യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതുമൂലമുണ്ടായ ബാദ്ധ്യതയിൽ അധിക ധനസഹായമായി സർക്കാർ നൽകാനുണ്ടായിരുന്ന തുകയ്ക്കായി 650 കോടി രൂപ ഹഡ്കോയിൽ നിന്ന് വായ്പയെടുക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ടി വായ്പ ലഭ്യമാകാത്തതിനാൽ അധിക ധനസഹായത്തിനായി 500 കോടി രൂപ ഇപ്പോൾ അനുവദിയ്ക്കുകയാണ് ചെയ്തത്. |
| (എഫ്) | മുൻ വർഷങ്ങളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനാണോ പുതിയ പദ്ധതി നടപ്പിലാക്കുന്നതിനാണോ ഹഡ്കോ ധനസഹായം വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എഫ്) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ